

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3/2064/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച

ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/2064/2022

തീയ്യതി: 03/12/2022

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ

അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രത്നസിംഗ് കെ.പി	ഡെപ്യൂട്ടി ഡയറക്ടർ	17-10-2022	22-10-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-10-2022	22-10-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. പ്രസീത കുമാരി. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ ആർ.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിർ. സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സരിത. എ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീമതി. റോസമ്മ ജേക്കബ്	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	ത ((
ശ്രീമതി. സോണിയ. പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	
ശ്രീ. രൂപക്	കൃഷി ഓഫീസർ	01-04-2021	
ശ്രീമതി. ഡോ. ജിഷ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2021	
ശ്രീമതി. ഡോ. സുജ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2021	
ശ്രീമതി. ഡോ. ബിന്ദു ജോസഫ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2021	
ശ്രീ. അബ്ദുൾ കരീം	ഹെഡ് മാസ്റ്റർ	01-04-2021	
ശ്രീമതി. വത്സല	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	
ശ്രീമതി. ഡോ. ജെസ്സി	വെറ്റിനറി സർജൻ	01-04-2021	
ശ്രീമതി.ഷീജ. സി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	

ശ്രീമതി. ശർമ്മിള. കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	
ശ്രീ. ആഷിക്. കെ.ടി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	
ശ്രീമതി. റുമൈസ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	
ശ്രീ. സുനീർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക കണക്കുകളിലെ അപാകതകൾ	1-2-1
3	വാർഷിക ധനകാര്യ പത്രിക	1-2
4	സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)	1-3
5	ഫണ്ട് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് ബാലൻസ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച്	1-10
12	സംരംഭക ലൈസൻസ് -അപാകതകൾ	1-11
13	250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്	1-12
14	സഞ്ചയ സോഫ്റ്റ് വെയറിൽ റോഡുകൾ രേഖപ്പെടുത്തിയത് അപൂർണ്ണം	1-13
15	കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ	1-14
16	തൊഴിൽ നികുതി	1-15
17	അനധികൃത നിർമ്മാണം തുടർ നടപടികൾ സ്വീകരിക്കുന്നില്ല	1-16
18	കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്സ്ഡ്ഫ്ലോയ്ക്ക് അമിത നിരക്ക് നൽകി	1-17

19	ഹരിത കർമ്മസേനയുടെ പ്രവർത്തനം -അപാകതകൾ	1-18
20	സ്ട്രീറ്റ് ലൈറ്റ് ചർജ്ജ് - കുടിശ്ശിക സംബന്ധിച്ച്.	1-19
21	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ – അപാകതകൾ	1-20
22	മരുന്നുകൾ മുഴുവൻ ലഭ്യമായില്ല	1-21
23	അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത	1-22
24	ആയുർവേദ ഡിസ്പെൻസറി വാടക നൽകൽ – അപാകതകൾ	1-23
25	വഴിയോര വിശ്രമ കേന്ദ്രം - പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-24

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	വായ്പ തിരിച്ചടവ്	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
10	ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം	4-9
11	ഓഡിറ്റ് പ്രത്യവലോകനം	4-10

12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2021-22 ലെ ബജറ്റ് 17-02-2021 തീയതിയിലെ 45/2021 തീരു അംഗീകരിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം -ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെല വരവ് ചെലവും തമ്മിൽ വൻ അന്തരം കാണുന്നു. ഇതിന് താഴെ കൊടുക്കുന്നു.

ഇനം	ബജറ്റ് പ്രകാരം	യഥാർത്ഥത്തിൽ ഉള്ളത്
മുന്നിരിപ്പ്	1,25,60,511	1,50,84,184
വരവ്	21,81,85,000	18,20,21,516
ചെലവ്	22,46,57,830	17,43,34,308
നീക്കിയിരിപ്പ്	60,87,681	2,27,71,392

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വസ്തുതാപരമായല്ല. പ്രധാന വരുമാന സ്രോതസ്സായ നികുതി വ മുൻ വർഷ വരുമാനം 52,11,931/-രൂപയാണെന്നിരിക്കേ 60,00, നികുതി വരവ് പ്രതീക്ഷിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. കെട്ട തൊഴിൽ നികുതി പിരിവിൽ ഇത്രയേറെ വർദ്ധനവിന് തൻവർഷം ക്രമാതീതമായി പുതുതായുള്ള കെട്ടിടങ്ങൾ നിർണ്ണയിച്ചതിന്റേയോ /പുതുതായി തൊഴിൽ നികുത ബാധ്യസ്ഥരായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചതിന്റേയോ രേഖകളില്ലാതിരിക്കേ നികുതി പിരിവി വർദ്ധനവ് എങ്ങനെ പ്രതീക്ഷിച്ചു എന്ന് വ്യക്തമല്ല .

മുൻ വർഷത്തിൽ നികുതിയേതര വരുമാനം 8,95,863/-രൂപയ പ്രസ്തുത ഇനത്തിൽ ഈ വർഷം പ്രതീക്ഷിച്ചത് 17,98,000/-രൂപയു വർഷത്തെ അപേക്ഷിച്ച് 90%) വർദ്ധനവാണ്. ഇത്രയു

പ്രതീക്ഷിക്കാൻ ആധാരം എന്താണെന്ന് വ്യക്തമല്ല .

വരവിനത്തിലുള്ള വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊ

ഹെഡ്ഡ്	ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വരവ്	വാർഷിക കണക്കു പ്രകാരം വരവ്
നികുതി വരുമാനം	6000000	5773397(കുടിശ്ശിക ഉൾപ്പെടെ) RP(1)+RP(43)
വാടക	203000	149438
ഫീസ് & യൂസർചാർജ്ജസ്	1160000	1124258
സെയിൽ & ഹയർ ചാർജ്ജസ്	200000	150730

മേൽ പ്രകാരം പ്രതീക്ഷിത വരവിന്റെ കാര്യത്തിൽ ബജറ്റ് വന്നത്, വർഷാവസാനം ബജറ്റ് പുതുക്കി ക്രമീകരിച്ചിട്ടില്ല.
ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ട

1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമു പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയ 09.05.2022 ന് ഓഡിറ്റിന് (Online ആയി) സമർപ്പിച്ചിട്ടുണ്ട്. വാർഷ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ്)

മുന്നിരിപ്പ്	1,50,84,184

വരവ്	8,85,06,447
ആകെ	10,35,90,631
ചെലവ്	8,68,24,062
നീക്കിയിരിപ്പ്	1,67,66,569

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	വരവ്	ചെലവ്	ബാക്കി	ശതമാ
വികസന ഫണ്ട് (ജനറൽ)	16029813	16029813	0	100
വികസന ഫണ്ട് (എസ്.സി.പി)	6365770	6365770	0	100
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് വഴി ലഭിച്ചത്	35,88,847 (64847 പലിശ ഉൾപ്പെടെ)	35,17,266	71,581	98
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി വഴി ലഭിച്ചത്	314782	267068	47714	85
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	52,87,000	35,73,702	17,13,298	68

(Tied)ബാങ്ക് വഴി ലഭിച്ചത്				
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി വഴി ലഭിച്ചത്	38,22,145	35,42,569	2,79,576	93
മെയിന്റനൻസ് – റോഡ്	44,93,547	44,93,547	0	100
മെയിന്റനൻസ്-നോൺ-റോഡ്	34,48,328	34,48,328	0	100
ആകെ	**4,33,50,592**	**4,12,38,423**	**21,12,169**	

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 4,33,50,592/- രൂപയ /-രൂപ (95%) പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞു. ട്രഷറി സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന് (Tied) 2,79,5 അൺടൈഡ് ഇനത്തിൽ ലഭിച്ച 47714 രൂപയും സാമ്പത്തിക ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭി ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെക്കൊടു

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ	പദ്ധതി അടങ്കൽ	നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം	നടപ്പിലാക്കാത്ത പ്രൊജക്ടുകൾ	പദ്ധ ചെല
158	98606627	141	17	71679

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 158 പ്രൊജ സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആ പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയ

സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 98606 വകയിരുത്തിയതിൽ 71679176 രൂപ മാത്രമേ പ്രൊജ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു.

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNR അവലോകനം

2021-22 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർ
ആകെ വാർഡുകളുടെ എണ്ണം : 18
ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 12495
ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 4343
100ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 520
2021-22 സാമ്പത്തിക വർഷത്തെ ആകെ ചെലവ് : 37709694/-
ചെലവ് വിവരം

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്
ഭരണ ചെലവുകൾ	8575/-	708364/-	716939/-	715177/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	--	36994518/-	36994517/-	36994517/-

ഭരണസമിതിയുടെ 08/01/2021 തിയ്യതിലെ 11/21 നമ്പർ തീരുമാന പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവ ചേർക്കുന്നു.

പ്രവൃത്തികൾ	എണ്ണം
ഭവനം	51
കിണർ	10
തൊഴുത്ത്	7

ടോയിലറ്റ്	5
കോഴിക്കൂട്	4
മിനി സ്റ്റേഡിയം	1
MCF	3
മണ്ണ്, ജല സംരക്ഷണം	63
റോഡ്/നടപ്പാത പൊതു ആസ്തി നിർമ്മാണം	16
കുളം	1
തരിശ് ഭൂമി	3
ആട്ടിൻ കൂട്	22
സോക്ക് പിറ്റ്	2
കമ്പോസ്റ്റ് പിറ്റ്	1
കയ്യാല	3
വർക്ക് ഷെഡ്	1
ടാങ്ക്	2
ആകെ	195

1-7 ക്ഷേമ പദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്ക ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	5280	5
കർഷക തൊഴിലാളി പെൻഷൻ	5311000	3918
വിധവാപെൻഷൻ	20823600	13781
ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	35146800	25235
ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ	5780000	3731
50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	2876800	1983
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	360000	12

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് ക്യാഷ് ബാലൻസ് പരിശോധന 17.10.2022 ന് 10.30 Am മണിക്ക് ഉദ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരി 1,75,611/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്ര
കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമാ
നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തി
മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്ത
സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിലനിർത്
ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ്
അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സ
ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവെ ത
എന്നാൽ ഔട്ട് ഡോർ കളക്ഷനു വേണ്ടി ഉപയോഗിക്ക
പുസ്തകങ്ങളിൽ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പ
സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയ
നടപടികൾ സ്വീകരിക്കുകയും പെൻഷനുകൾ
ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്
പ്രശംസനീയമാണ്.

മതിയായ രീതിയിൽ ജീവനക്കാരില്ലാത്തതിനാ
പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ സെക്രട്ട
ബാച്ചിനെ അറിയിക്കുകയുണ്ടായി. 17.94 ച.കി.മീ. ച
കോഴിക്കോട് കോർപ്പറേഷനോട് ചേർന്ന് കിട
ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളാണുള്ളത്. കോർപ്പറേഷ
പങ്കിടുന്ന പഞ്ചായത്തായതിനാൽ കെട്ടിട നിർമ്മാണാനുമ
എന്നിവ കൂടുതലായി വരുന്നതിനാൽ ആയത് കൃത്യ സമയ
തീർപ്പാക്കുവാൻ സാധിക്കാതെ വരുന്നതായി സെക്രട്ടറി
ഗ്രാമപഞ്ചായത്തിന് അനുവദനീയമായ ജീവനക്കാരുടെ എണ്ണ
ഇതിൽ 9 പേരാണ് ക്ലറിക്കൽ ജോലിയ്ക്കായുള്ളത്. ഇവരിൽ 2 പ
ആണ്. പകരം ജോലിക്ക് ഒരു ആളെ എംപ്ലോയ്മെന്റ് മ
മുഖാന്തിരം നിയമിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ പെർ
നമ്പറിംഗ്, ജമമാറ്റം, പെർമിറ്റ് പുതുക്കൽ, വാർഷിക പദ്ധതി
വിവിധ പെൻഷനുകൾക്കുള്ള അപേക്ഷകൾ, വിവിധ ലൈ
സർട്ടിഫിക്കറ്റുകൾ എന്നിവ അനുവദിക്കൽ തുടങ്ങിയ ജോലിക
അധിക പ്രവർത്തനങ്ങളായ വാതിൽപ്പടി സേവനം, ശുചിത്വ
പ്ലാസ്റ്റിക് നിരോധനം, തെരുവുനായ നിയന്ത്രണം, ഡിജിറ്റ

ജലജീവൻ മിഷൻ, ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ത
ജോലികളും ചെയ്യേണ്ടി വരുന്നതിനാൽ ആവശ്യത്തിന് ജീവനക
ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധ
സെക്രട്ടറി അറിയിക്കുയുണ്ടായി. ഓഫീസിന്റെ
പ്രവർത്തനത്തിന് ഉതകുംവിധം ആവശ്യമായ എണ്ണം
വിന്യസിപ്പിക്കാൻ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട
ക്ഷണിക്കുന്നു.

1-10 തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി സംബന്ധി

സ്ഥാപനത്തിന്റെ സാമ്പത്തിക നില ആരോഗ്യകരമല്ലെ
കണക്കുകളും വാർഷിക പദ്ധതിക്കണക്കുകളും സാക്ഷ്യപ്പെടു

2020-21 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും
പദ്ധതികൾക്കുംകൂടി 87,66,475/- ലക്ഷം രൂപ തനത് ഫണ്ട
വകയിരുത്തുകയും 63,47,013/-രൂപ ചെലവഴിക്കുകയും ചെയ്തിട്ട
പദ്ധതി ചെലവിന്റെ 9.9%), 2021-22 വാർഷിക പദ്ധതിയ
പദ്ധതികൾക്കും,സ്പിൽഓവർ പദ്ധതികൾക്കുംകൂടി 1,07,
തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും 78,35,460/രൂപ ചെല
ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 10.9%) തൻവർഷം നി
100 ശതമാനമാണ് എന്നിരുന്നാൽ തന്നെയും ഇത്രയും തുക പദ്ധ
വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിന്
പറയുന്ന വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഇനം	2020-21	2021-22	വർദ്ധനവ്
നികുതി വരുമാനം	54,85,618	57,73,397	2,87,779
നികുതിയേതര വരുമാനം	11,41,661	14,24,426	2,82,765

2020-21, 2021-22 വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആ
വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2020-21	
ബാധ്യത	ആസ്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം	തുക	ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം	തുക
B4-പ്രത്യേക കാര്യങ്ങൾക്ക്	92,39,908	B12	7,500
B5	92,80,829	B14	55,562
B7	6,84,934	B15	0
B9	15,48,361	B17	1,50,84,1
		B18	6,57,540
ആകെ	**2,07,54,032**		**1,58,04,7**

2020-21 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ബാ ലിക്വിഡിറ്റിയുള്ള ആസ്തിയേക്കാൾ 49,49,246/- രൂപ കൂടുതലാണ്.

തൻവർഷം ബാദ്ധ്യത ഇല്ലെങ്കിലും തനത് ഫണ്ടിന്റെ മിച്ച ആണെന്ന് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് സാക്ഷ്യപ്പെടുത്ത പ്രകാരം തനതുഫണ്ടിൽ 4,57,156/- രൂപ മാത്രമേ മിച്ചമുള്ളൂ .

നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവര കൊടുക്കുന്നു.

2021-22			
ബാദ്ധ്യത		ആസ്തി	
ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം	തുക	ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം	തുക

B4-പ്രത്യേക കാര്യങ്ങൾക്ക്	85,34,841	B12	7,500
B5	75,79,495	B14	47,262
B7	1,86,273	B15	20,849
B9	15,94,724	B17	1,67,66,569
		B18	15,10,309
ആകെ	1,78,95,333		1,83,52,489

18 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ 3 ക്ല തസ്തികയാണ് ഉള്ളത് . ഓരോ ക്ലർക്കിനും 6 വ ചുമതലയുണ്ട്.പ്രസ്തുത ചുമതലയിൽ നികുതി / ന് വരവിനങ്ങളുടെ പരിശോധനയും പിരിവും ഉൾപ്പെടുന്നുണ്ട് പ്രതിമാസം ശരാശരി പെർമിറ്റിനു വേണ്ടിയുള്ള അ നമ്പറിങ്ങിനു വേണ്ടിയുള്ള അപേക്ഷകൾ , ജമമാറ്റം , പെർമ് ,വിവരാവകാശം ,പരാതി , ക്ഷേമപെൻഷൻ അപേക്ഷകൾ വരുന്നുണ്ട് . മേൽ ചുമതലകൾ സമയബന്ധിതമായി പൂർത്തീക പ്രയാസമനുഭവിക്കുന്നതിനാൽ ഫീൽഡ് തല പരിശോധന തീ തന്നെ പറയാം . അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമ കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ , തൊഴ് യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി/ ഫീ ഊർജ്ജിതമാക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരെ ലഭ്യ ഭരണസമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതു രൂപീകരണവേളയിൽ തനത് ഫണ്ട് വകയിരുത്തുമ്പോൾ തന നിജസ്ഥിതി മനസ്സിലാക്കി വകയിരുത്താൻ ധനകാര്യസ്റ്റാന്റിംഗ് സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

1-11 സംരംഭക ലൈസൻസ് -അപാകതകൾ

2021-22 വർഷത്തിൽ സംരംഭക ലൈസൻസിന്റെ വരവുമാ പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷ

പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക അവസാനിക്കുന്നതും, അല്ലാത്തപക്ഷം ലൈസൻസിന്റെ പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുക അതിൽ പ്രത്യേകം പറയാവുന്ന മുൻ അവസാനിക്കുന്നതുമാകുന്നു.

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസ അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിര പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക അപേക്ഷ 2021 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ എന്നാൽ ഇവയിൽ 269 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻ നൽകിയതിന് വിശദീകരണം നൽകേണ്ടതും, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന തിനുള്ള ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാ

2)ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്

1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാ പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊ

പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ
ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യ
ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു
എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അ
കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന
വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ ഉപയോഗിക്കാൻ
സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം
വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2657
നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ വാണിജ്യ/വ
കെട്ടിടങ്ങൾ ഉപയോഗിക്കാത്തതിനാൽ ഒഴിവായി കിടക്കുന്നത
നികുതി ഇളവിന് 132 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഓഡിറ്റ
പേർക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.
എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും
എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേ
പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്ര
സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാ
സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ
ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ
ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്ര
സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതു
സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊ
ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാ

3)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-205.
ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവ
സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളട
വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാ
സ്ഥാപനത്തിൽ ഇപ്രകാരം വിവര ശേഖരണം നടത്തി
തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽ
എൻകയറിക്ക് (ഓഡിറ്റ് എൻകയറി നം-8/21-22 തിയ്യതി-21.1
ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ
പരാമർശത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവ

സംബന്ധിച്ച് പരാമർശം നടത്തിയിരുന്നെങ്കിലും പരിഹരിക്കുന്നതിന് സ്ഥാപനം നടപടികളൊന്നും തന്നെ കൈ കാണുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേര രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുത വ്യവസായാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉടമകൾക്കു നൽകിയും വിവരശേഖരണം നടത്തിയും, ഫീൽ അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 19 പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപ ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടു സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ധനകാര്യ സ്റ്റാന്റ ഉറപ്പ് വരുത്തേണ്ടതുമാണ്.

1-12 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്ത കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 20 മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെ വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നി അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയ ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററി പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 185 എണ്ണമാണുള്ളത് നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർ കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്, വിലാസം	കെട്ടിടത്തിന്റെ വിസ്തീർണ്ണം

17/331 C To M	മാമുക്കോയ.കെ.പി, കട്ടയാട്ട് പറമ്പത്ത്, ചെലവൂർ-673571.	743.26 ച.മീ
8/303 H To M	സെയ്തലവി, ഇരിപ്പോടം മണ്ണിൽ, കോണോട്ട്-673571	531.93ച.മീ

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ച (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥ വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരി നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരു അല്ലാത്തപക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേ ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവു ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയ ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ മേൽത്തരം തറ സോഫ്റ്റ് വെയറിൽ സെലക്ട് ചെയ്താലും ബാധകമായ 15 കാണിക്കുന്നില്ല. ആയതിനാൽ വലിയ തോതിൽ നികു സംഭവിക്കുന്നുണ്ട്. ആയത് അധികാരികളെ അറിയിച്ച് സോഫ് ഈ അപാകത പരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപന വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് വീഴ്ചയാണ്.

1-13 സഞ്ചയ സോഫ്റ്റ് വെയറിൽ റോഡുകൾ രേഖപ്പെ അപൂർണ്ണം

സഞ്ചയ സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 176 പേരുവിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 590 സ്ഥാപനത്തിലുണ്ട്. നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വ മുഴുവൻ റോഡുകളുടെയും പേരുകൾ ഫീൽഡിൽ ഓപ്ഷനാ ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ പേര് മാനുവലായി രേഖപ്പെടുത്തുകയുമാണ് ചെയ്തു വരുന്നത്.

ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീ ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവ എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞ തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കി സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെ സഞ്ചയയിൽ കെട്ടിട നമ്പർ അനുവദിച്ച വിവിധ പരിശോധിച്ചതിൽ വ്യക്തമാവുന്നുണ്ട്. മിക്ക റോഡുകളും ഒന അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കേ ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം റോഡിന്റെ തരം നി സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കുന്നതിന് കാരണമാ കാണാം. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2 പ്രകാരം അഞ്ച് മീറ്റ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാ മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇത കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേ വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നിക സംഭവിക്കുന്നതായി കാണാം.

അപാകത പരിഹരിക്കുന്നതിന് മുഴുവൻ റോഡുകളുടെയും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതും മുൻ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ റോഡിന്റെ തരം രേഖ വഴി നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നത് പരിശോ അപ്രകാരം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽനിന്നും ഈടാക്കേണ്ടതുമാണ

1-14 കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും കെട്ടിട നിയന്ത്രണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ നിലനിൽക്ക അപാകതകൾ ചുവടെ ചേർക്കുന്നു.

കാലപരിധി പിന്നിട്ട പെർമിറ്റുകളെ നിരീക്ഷിക്ക സംവിധാനമില്ല.

കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. അതത് വർഷങ്ങളിലെ രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ വിവരശേഖരണം നടത്തി ഫീൽഡ് തല പരിശോധ തുടർനടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെ കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയറിലും മേൽ ചുമതല നിർവ്വഹ സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനമോ ഇത് സം റിപ്പോർട്ടോ ഏർപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിൽ പെർമ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പു ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അ

കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്ന് സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ ക നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്ക കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവു പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്ത ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക മേൽ അപാകത മൂലം കാലപരിധി പിന്നിട്ടതും പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തി യഥാസ സ്വീകരിക്കുവാൻ സ്ഥാപനത്തിന് സാധിക്കുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറ ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻകുയറി നം- 10/21-22 തിയ്യതി-21.10

മേൽ അപാകതകൾ പരിഹരിച്ച് ഗ്രാമപ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ നിയന്ത്രണ നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേ

1. കാലപരിധി പിന്നിട്ടതും നാളിതുവരെ പൂർത്തീകരണ സമർപ്പിക്കാത്തതുമായ പെർമിറ്റുകളെ പെർമിറ്റ് അടിസ്ഥാനപ്പെടുത്തി കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ട നിർമ്മാണങ്ങളുടെ തത്സ്ഥിതി ഫീൽഡ്തല പരിശോ നിരീക്ഷിക്കേണ്ടതുമാണ്.
2. അനധികൃത നിർമ്മാണങ്ങൾ, പെർമിറ്റിൽ നിന്നും വ്യ നിർമ്മാണങ്ങൾ എന്നിവ യഥാസമയം കണ്ടെത്തി സ്വീകരിക്കുന്നതിനും നിർമ്മാണാനന്തരമുള്ള സ ഒഴിവാക്കുന്നതിനുമായി ഫീൽഡ്തല പരിശോധനാ ജീവനക്കാരുടെ ചുമതലകൾ പുനക്രമീകരിക്കേണ്ടതാണ്.
3. കേരള പഞ്ചായത്ത്രാജ് നിയമം 235 എ.എ പ്രകാരം ക്രമവൽ അനുവദിച്ച കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയ പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
4. ഓഡിറ്റ് പരാമർശങ്ങളിന്മേൽ നടപടി സ്വീകരിക്കുക ലഭ്യമാക്കുകയോ ചെയ്യാത്തതിന്റെ കാരണം

പരിശോധിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി

കുരുവട്ടൂർ പഞ്ചായത്തിലെ തൊഴിൽ നികുതിയുടെ ഡിമ റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകത ചേർക്കുന്നു.

(1) ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്ര സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്ര തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കി കച്ചവടസ്ഥാപനങ്ങളും അതിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പു അതുകൊണ്ടുതന്നെ 2021-22 സാമ്പത്തിക ത്തിലെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന് എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

(2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

